**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5022** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം സൊസൈറ്റികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ ഉത്തരവാദിത്ത ടൂറിസം സൊസൈറ്റികളോ ഗ്രൂപ്പുകളോ ഏതെങ്കിലും ടൂറിസം പദ്ധതികൾ നടത്തുന്നുണ്ടോ; അറിയിക്കുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി മാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട് . എന്നാൽ ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട് . തദ്ദേശവാസികൾ ചേർന്ന് ആരംഭിച്ചതും കൃത്യമായ ബൈലോയുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ചതുമായ ഉത്തരവാദിത്ത ടൂറിസം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ക്ലബ്ബുകളെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ ആർ.ടി. ക്ലബ്ബുകളായി അംഗീകരിച്ച് പ്രവർത്തിച്ചു വരുന്നത് . ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ 10 ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു ഉത്തരവാദിത്ത ടൂറിസം ക്ലബ്ബാണ് ബേപ്പൂർ സർഫിംഗ് സ്കൂൾ നടത്തുന്നത് . മറവന്തുരുത്ത് 'സ്ട്രീറ്റ് ' പദ്ധതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നത് മറവന്തുരുത്ത് ആർ.ടി. ക്ലബ്ബാണ് . ഈ രണ്ട് ക്ലബ്ബുകളും വളരെ മികച്ച രീതിയിൽ പ്രവർത്തനം നടത്തി വരുന്നുണ്ട് . |
| (ബി) | എങ്കിൽ പ്രസ്തുത ഗ്രൂപ്പുകൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കുമോ? | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയായി മാറുന്നതോടെ ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകളും ആയി ചേർന്ന് വിപുലമായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ് . ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത 23,786 യൂണിറ്റുകൾ വിവിധ പദ്ധതികളുടെ ഭാഗമായി പ്രവർത്തിച്ച് വരുന്നു. അവയിൽ കുറച്ച് യൂണിറ്റുകൾക്ക് കോവിഡാനന്തര സഹായമായി 10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട് . ഇതിന് പുറമെ മാർക്കറ്റിംഗ് സപ്പോർട്ടും നൽകിവരുന്നു |

സെക്ഷൻ ഓഫീസർ